I/58568/2024

**ഭരണഭാഷ – മാതൃഭാഷ**

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം.
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം
academicspecialcelldge@gmail.com,
ഫോൺ: 0471-2323198

നം.HSE/6826/2023-Acd Spl2 തീയതി: 18-04-2024

# സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കൻഡറി വിഭാഗം - EAP - UC സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന 16/06/2023 തിയ്യതിയിലെ G.O(Rt)No.3576/2023/GEDN സർക്കാർ ഉത്തരവ്

മേൽ സൂചന സർക്കാർ ഉത്തരവ് പ്രകാരം, ഹയർ സെക്കൻഡറിയുടെ സമഗ്ര പുരോഗതിക്കായി വിഭാവനം ചെയ്യപ്പെട്ട EAP പദ്ധതിക്കായി 8 കോടി രൂപ ഭരണാനുമതി ലഭിച്ചിരുന്നു. ഇപ്രകാരം HSSTTP, മിനി റിസർച്ച്, അക്കാദമിക് മോണിറ്ററിംഗ് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിൻറെ ഭാഗമായി ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്കും RDD മാർക്കും അഡ്വാൻസ് തുകകൾ അനുവദിക്കപ്പെട്ടിരുന്നു. ആയത് അടിയന്തിരമായി സെറ്റിൽ ചെയ്യുന്നതിനായി UC സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നെങ്കിലും ഇതുവരെയും സമർപ്പിച്ചതായി കാണുന്നില്ല. അഡ്വാൻസ് തുകകൾ സെറ്റിൽ ചെയ്യുന്നതിനായി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് , (KFC Form No 44), എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ്, ചെലവഴിക്കാത്ത തുക സറണ്ടർ ചെയ്തതിൻറെ റിപ്പോർട്ട് എന്നിവ അടിയന്തിരമായി **ഏഴു ദിവസത്തിനകം** ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. ഇവയുടെ സ്കാൻ ചെയ്ത കോപ്പി academicspecialcelldge@gmail.com എന്ന മെയിൽ ഐഡിയിലേക്കും ലഭ്യമാക്കേണ്ടതാണ്. ട്രഷറി ക്യൂവിൽ ഉൾപ്പെട്ടിട്ടുള്ളതും പണം ലഭ്യമാകാത്തതുമായ കേസുകളിൽ ട്രഷറി ഓഫീസറിൽ നിന്നുള്ള റിപ്പോർട്ടും പ്രിൻസിപ്പാളിൻറെ വിശദീകരണക്കുറിപ്പും സഹിതം പുതിയ അലോട്ട്

മെന്റിനായി ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഈ ഒരു സാഹചര്യത്തിൽ അല്ലാത്ത മറ്റെല്ലാ അഡ്വാൻസുകളും സെറ്റിൽ ചെയ്യുന്നതിനായി മേൽപറഞ്ഞ രേഖകൾ സമർപ്പിക്കാത്തവർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

2023-24 വർഷത്തെ ഫണ്ട് അലോട്ട്മെൻറ് ലഭിച്ചതും എന്നാൽ ട്രഷറിയുമായി ബന്ധപ്പെട്ട വിഷയങ്ങളാൽ പണം ലഭിക്കാത്തതുമായ സാഹചര്യത്തിൽ നിലവിലെ അലോട്ട്മെൻറ് സറണ്ടർ ചെയ്യേണ്ടതും UC സമർപ്പിക്കേണ്ടതുമാണ്.

Signed by
R Sureshkumar
Date: 18-04-2024 16:11:41

ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)

ബന്ധപ്പെട്ട എല്ലാ പ്രിൻസിപ്പൽ / ആർ ഡി ഡി മാർക്ക് .